# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1952 — 14.07.2011-ൽ മറുപടിക്ക്

## കണ്ണൂർ ജില്ലയിലെ ശുദ്ധജലവിതരണ പദ്ധതികൾ

**ചോദ്യം**

ശ്രീ. ഇ. പി. ജയരാജൻ

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) കണ്ണൂർ ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ളതും എന്നാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതുമായ ശുദ്ധജലവിതരണ പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ;

(എ)

| | പദ്ധതി | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | കണ്ണൂർ ശുദ്ധജല വിതരണ പദ്ധതി | 6700 |
| 2. | തലശ്ശേരി ശുദ്ധജല വിതരണ പദ്ധതി വിപുലീകരണം | 4950 |
| 3. | യു.ഐ.ഡി.എസ്.എസ് .എം.ടി തലശ്ശേരി നഗരസഭ കുടിവെള്ളപദ്ധതി | 4120 |
| 4. | മലബാർ ക്യാൻസർ സെന്ററിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 180 |

(ബി) പ്രസ്തുത പദ്ധതികളിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാനുള്ള സാഹചര്യം സംജാതമായിട്ടുള്ളത് ഏതിനെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) 1. കണ്ണൂർ ശുദ്ധജല വിതരണ പദ്ധതി വിപുലീകരണം പാക്കേജ് - I - പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ മാറ്റിയിടുന്ന പ്രവൃത്തികൾ.
2. തലശ്ശേരി ശുദ്ധജല വിതരണ പദ്ധതി വിപുലീകരണം പാക്കേജ് III - റോവാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി

(സി) ഏതെങ്കിലും പദ്ധതികൾ ആരംഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഹരിക്കുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

(സി) തലശ്ശേരി ശുദ്ധജല വിതരണ വിപുലീകരണ പദ്ധതിയുടെ കിണർ, പമ്പ് ഹൗസ് എന്നീ പ്രവൃത്തികളുടെ ടെണ്ടർ റദ്ദ് ചെയ്തിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ